## ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST

### CLASS 9 (COMPETITIVEEXAM 2025)

**1) 'നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ ഞാൻ മുഖം തിരിച്ചുകളയും' ഈ മുന്നറിയിപ്പു നൽകുന്ന പ്രവാചകൻ?**

**A) യശയ്യാ**

B) യിരമ്യാ

C) ഹോശയാ

D) ആമോസ്

**2) സത്യദൈവത്തെ മറക്കുന്നത് ദമ്പതികളുടെ പരസ്പര അവിശ്വസ്തതപോലെ മലിനകരമാണെന്നു പറഞ്ഞ പ്രവാചകൻ?**

**A) ഹോശയാ**

B) യിരമ്യാ

C) യശയ്യാ

D) ആമോസ്

**3) പ്രവാസകാലത്തെ മതജീവിതത്തിൽ വന്ന മാറ്റങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**

**A) ശബ്ബത്താചരണം നിന്നുപോയി**

B) യാഗങ്ങൾ ഇല്ലാതായി

C) ന്യായപ്രമാണ വായനയ്ക്കു പ്രാധാന്യം ഉണ്ടായി.

D) ദൈവാലയ പുനർനിർമ്മാണം സംബന്ധിച്ച പ്രവചനങ്ങൾ ഉടലെടുത്തു.

**4) സെപ്റ്റുവജിന്റ് തർജിമ ഉണ്ടാകുവാനുള്ള പ്രേരണ എന്ത്?**

**A) ഗ്രീക്കു സ്വാധീനത്തിൽ വളർന്നവർ വേദപുസ്തകം വായിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുക.**

B) ഏഴുപത്തിരണ്ടു മൂപ്പന്മാർ കൂടി തയ്യാറാക്കിയ തർജിമയ്ക്ക് അംഗീകാരം ഉണ്ടാകുവാൻവേണ്ടി.

C) ജാംമ്നിയ കൗൺസിലിന്റെ തീരുമാനം അട്ടിമറിക്കുവാൻ.

D) ടോളമി രാജാവിന്റെ വേദപുസ്തകത്തോടുള്ള എതിർപ്പിനെ നേരിടുവാൻ.

**5) മത്തത്തിയാസിന്റെ പുസ്തകത്തിനു നാലു ഭാഗങ്ങൾ ഉണ്ട് എങ്കിലും രണ്ടു ഭാഗങ്ങൾ മാത്രമേ വേദപുസ്തകത്തിൽ ചേർക്കപ്പെട്ടിട്ടുള്ളു. എന്തുകൊണ്ട്?**

**A) ലത്തീൻ ഭാഷാന്തരത്തിൽ മറ്റു രണ്ടു പുസ്തകങ്ങൾക്ക് അംഗീകാരം ലഭിച്ചില്ല.**

B) മറ്റു രണ്ടു ഭാഗങ്ങളിൽ യഹൂദമതനിന്ദ സൃഷ്ടിക്കുന്ന ഭാഗങ്ങൾ ഉണ്ടായിരുന്നു.

C) മറ്റു രണ്ടു ഭാഗങ്ങൾ ലഭ്യമല്ല.

D) മക്കാബിയസിന്റെയും സഹോദരങ്ങളുടെയും പോരാട്ടം രണ്ടു ഭാഗങ്ങളിൽ മാത്രം ഒതുങ്ങുന്നു.

**6) വി. പൗലോസ് ശ്ലീഹായുടെ മാനസാന്തരം സംബന്ധിച്ച തെറ്റായ പ്രസ്താവന ഏത്?**

**A) പൗലോസിന്റെ മാനസാന്തര സമയം കൂടെ ഉണ്ടായിരുന്നവർ പ്രകാശം കാണുകയും സന്ദേശം കേൾക്കുകയും ചെയ്തു.**

B) പട്ടണത്തിൽവച്ച് അന്ധനായിത്തീർന്ന ശൗലിനു മാമോദീസ സ്വീകരിച്ചപ്പോൾ കാഴ്ച ലഭിച്ചു.

C) പൗലോസിന്റെ വീക്ഷണത്തിലും വിശ്വാസത്തിലും മാറ്റമുണ്ടായി.

D) യൂദായുടെ ഭവനത്തിൽവച്ച് സഭാനേതാവായിരുന്ന അനന്യാസ് അദ്ദേഹത്തെ സ്നാനപ്പെടുത്തി.

**7) ലുസ്ത്രയിൽ താഴെ പറയുന്ന ഏതു സംഭവമാണ് നടന്നത്?**
**A) പൗലോസിനെയും ബർണബാസിനെയും ദേവന്മാർ എന്നു ജനം കരുതി.**
B) മർക്കോസ് പൗലോസിനെ വിട്ടുപോയി.
C) ദേശാധിപധിയായ സെർഗിയോസ് പൗലോസ് മാനസാന്തരപ്പെട്ടു.
D) ഇവിടെവച്ച് നേതൃത്വസ്ഥാനം പൗലോസ് ഏറ്റെടുത്തു.

**8) ത്രോവോസിൽവച്ചു പൗലോസിനുണ്ടായ ദർശനം എന്തായിരുന്നു?**
**A) മക്കദോന്യയിലേക്കു കടന്നു ചെല്ലുക.**
B) മർക്കോസിനെ വീണ്ടും കൂടെ കൂട്ടുക.
C) തീമോത്തിയോസിനെ കൂടെ കൊണ്ടുപോകുക.
D) ഗലാത്യയിലേക്കു പോകരുത്.

**9) കൈസര്യയിൽ താമസിക്കുമ്പോൾ പൗലോസിനെ സംബന്ധിച്ച ഭാവികാര്യങ്ങൾ പറഞ്ഞ അഗബോസ് ആരായിരുന്നു?**
**A) ഒരു ക്രിസ്തീയ പ്രവാചകൻ.**
B) ഒരു യഹൂദ പുരോഹിതൻ.
C) ഒരു പുറജാതി മന്ത്രവാദി
D) ഒരു യഹൂദ മന്ത്രവാദി

**10) യരുശലേം സുന്നഹദോസ് നമുക്കു നൽകുന്ന പാഠങ്ങളിൽ ഉൾപ്പെടാത്തത്?**
**A) ആചാര അനുഷ്ഠാനങ്ങളിൽ അനുരഞ്ജനം പാടില്ല.**
B) തീരുമാനങ്ങൾ എടുക്കുക മാത്രമല്ല, നടപ്പിലാക്കുവാനുള്ള നടപടികളും നാംതന്നെ സ്വീകരിക്കണം.
C) പ്രാർത്ഥനയുടെ ആത്മാവിലും പരിശുദ്ധാത്മ നടത്തിപ്പിലും തീരുമാനങ്ങൾ എടുക്കണം.
D) ഇടവകകളിൽ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കൂട്ടായ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കണം.

**11) എന്താണ് ദൈവീകരണം?**
**A) ദൈവസാദൃശ്യത്തിലേക്കുള്ള മടങ്ങിപ്പോക്ക്.**
B) പ്രത്യേക വരങ്ങളുടെ സാന്നിധ്യം
C) സുവിശേഷീകരണത്തിലുള്ള താല്പര്യം
D) സ്വയം ദൈവമായിത്തീരുന്ന അവസ്ഥ.

**12) പ്രഭാതത്തിലെ ലുത്തിനിയായിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതു തെരഞ്ഞെടുക്കുക.**
**A) ഇവിടെ നൽകിയിരിക്കുന്നതെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്.**
B) ശക്തിയിൽ കവിഞ്ഞ പരീക്ഷകളിൽനിന്നും ഒഴിവാക്കണം.
C) അസഹനീയങ്ങളായ രോഗങ്ങളെ നിരോധിക്കണം.
D) പാപങ്ങൾ നിമിത്തം വന്നുകൂടാവുന്ന ശിക്ഷകളിൽനിന്നും ഒഴിവാക്കണം.

**13) 'നിന്റെ നീതിയുള്ള വിധികൾ നിമിത്തം ഞാൻ ദിവസം ഏഴു പ്രാവശ്യം നിന്നെ സ്തുതിക്കും'. ഈ വാക്യത്തിന്റെ റഫറൻസ് ഏത്?**
**A) സങ്കീർത്തനം 119:164**
B) സങ്കീർത്തനം 119:134
C) സങ്കീർത്തനം 118:164
D) സങ്കീർത്തനം 118:134

**14) 'ഋജുമതികൾക്കിരുളിൽ' എന്നു തുടങ്ങുന്ന ഗീതത്തിൽ 'നിമിഷമുയർന്നൊരു മണവറയായി' ചിത്രീകരിക്കുന്നത് എന്ത്?**
**A) വായുമണ്ഡലം**

B) ഭൂമി
C) നീരിൻമേലുള്ള ആകാശം
D) വെള്ളം കൂടിക്കിടക്കുന്ന സമുദ്രം

**15) 'പാതാളം പുക്കിടയൻ' ഈ വരിയുടെ വേദപുസ്തക പ്രതിപാദ്യം എവിടെ?**
**A) 1 പത്രോസ് 3:19**
B) 2 പത്രോസ് 1:9
C) 1 കൊരിന്ത്യർ 3:16
D) 2 കൊരിന്ത്യർ 11:16

**16) 1054 ൽ സഭയിലുണ്ടായ പിളർപ്പിന്റെ പെട്ടെന്നുണ്ടായ കാരണം എന്ത്?**
**A) സഭാധികാരികളുടെ പരസ്പര മുടക്ക്.**
B) പരിശുദ്ധാത്മാവിന്റെ പുറപ്പാട് സംബന്ധിച്ച തർക്കം.
C) വി. കുർബാന അപ്പം പുളിപ്പുള്ളതോ ഇല്ലാത്തതോ എന്ന തർക്കം.
D) ശുദ്ധീകരണ സ്ഥലത്തെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസം.

**17) എട്ടാം കുരിശുയുദ്ധത്തെക്കുറിച്ചു ശരിയായതു തെരഞ്ഞെടുക്കുക.**
**A) അർബൻ നാലാമൻ പാപ്പായുടെ പ്രേരണയാൽ ലൂയി ഒൻപതാമന്റെ നേതൃത്വത്തിൽ നടന്നു.**
B) ഇന്നസന്റ് മൂന്നാമൻ പാപ്പായും ഹംഗറി രാജാവായ ആൻഡ്രു രണ്ടാമനും നേതാക്കളായിരുന്നു.
C) തുർക്കി സുൽത്താൻ സലാഡിൻ, യറുശലേം പിടിച്ചെടുത്തതിനെ തുടർന്നാണ് ഇത് ഉണ്ടായത്.
D) ഇന്നസെന്റ് നാലാമൻ മാർപ്പാപ്പയുടെയും ഫ്രാൻസ് രാജാവായ ലൂയി ഒൻപതാമന്റെ നേതൃത്വത്തിൽ നടന്നു.

**18) വില്യാർവട്ടം രാജാക്കന്മാരുടെ ആസ്ഥാനം എവിടെയായിരുന്നു?**
**A) ചേന്നമംഗലം**
B) കൊടുങ്ങല്ലൂർ
C) ഉദയംപേരൂർ
D) കൊച്ചി

**19) കൂനൻകുരിശു സത്യത്തെക്കുറിച്ചുള്ള തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക.**
**A) മലങ്കരയിലുണ്ടായിരുന്ന എല്ലാ ക്രിസ്ത്യാനികളും ഈ പ്രതിജ്ഞയിൽ പങ്കെടുത്തു.**
B) കൂനൻകുരിശു സത്യത്തിനുശേഷം തോമ്മാ അർക്കദിയാക്കോനെ മാർതോമ്മാ എന്ന പേരിൽ മെത്രാപ്പോലീത്താ ആക്കി.
C) പന്ത്രണ്ട് വൈദികർ ചേർന്നു കൈവച്ചാണ് മെത്രാൻവാഴ്ച നടത്തിയത്.
D) 1653 ജനുവരി 3 ന് ആണ് ഈ സംഭവം നടന്നത്.

**20) കപ്പദോക്യൻ പിതാക്കന്മാരിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**
**A) അലക്സന്ത്ര്യായിലെ മാർ അത്താനാസിയോസ്**
B) കൈസറിയായിലെ മാർ ബസേലിയോസ്
C) നിസായിലെ മാർ ഗ്രിഗോറിയോസ്
D) നാസിയാൻസിലെ മാർ ഗ്രിഗോറിയോസ്

**21) 'മെസാപ്പൊട്ടാമിയായിലെ മോശ' എന്ന് അറിയപ്പെട്ടിരുന്നത് ആരായിരുന്നു?**
**A) നിസിബിസിലെ മാർ യാക്കോബ്**
B) ഉറഹായിലെ മാർ യാക്കോബ്
C) സെറൂഗിലെ മാർ യാക്കോബ്
D) യാക്കോബ് ബുർദ്ദാന

**22) പിതാവാം ദൈവത്തെക്കുറിച്ച് 'അനാദ്യന്തനും അപ്രമേയനും സ്വയംഭൂവുമാകുന്നു' എന്നു പറയുന്നത് എവിടെ?**
<u>**A) പെന്തിക്കോസ്തിയിലെ പ്രൊമിയോനിൽ.**</u>
B) റോമൻ കത്തോലിക്കാ വിശ്വാസപ്രമാണത്തിൽ.
C) സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയിൽ.
D) ജനനപ്പെരുന്നാളിലെ രാത്രിയുടെ പ്രൊമിയോനിൽ.

**23) യേശുക്രിസ്തുവിനെക്കുറിച്ച് വിശ്വാസപ്രമാണത്തിൽ പറഞ്ഞിട്ടില്ലാത്തത് തെരഞ്ഞെടുക്കുക.**
<u>**A) സകലത്തെയും ജീവിപ്പിക്കുന്ന കർത്താവ്.**</u>
B) സകലത്തിന്റെയും സ്രഷ്ടാവാകുന്നു.
C) ന്യായവിധിക്കായി വീണ്ടും വരും.
D) സ്വന്ത ഇഷ്ടപ്രകാരം മനുഷ്യനായി അവതരിച്ചു.

**24) പരിശുദ്ധാത്മാവിനെക്കുറിച്ച് ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.**
<u>**A) പിതാവിൽനിന്നും പുറപ്പെടുന്നു, പുത്രനിൽനിന്നും എടുക്കുന്നു.**</u>
B) പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു.
C) പിതാവിനോടു സമനാണ്, പുത്രനോടു സമനല്ല.
D) കർത്താവിന്റെ രണ്ടാമത്തെ വരവിൽ ന്യായവിധി നടത്തും.

**25) അൽവാറീസ് മാർ യൂലിയോസിന്റെ നേതൃത്വത്തിൽ അനേകർ ഓർത്തഡോക്സ് സഭയിൽ ചേർന്നു. തെറ്റായ പ്രസ്താവന തെരഞ്ഞെടുക്കുക.**
<u>**A) സഭയിലേക്കു വന്നവരെ കരുതലോടെ ശുശ്രൂഷിക്കുവാൻ സഭ ക്രമീകരണങ്ങൾ ചെയ്തു.**</u>
B) റോമൻ കത്തോലിക്കരുടെ എതിർപ്പു കാരണം അദ്ദേഹം ബ്രഹ്മവാറിലേക്കു നീങ്ങി.
C) ബ്രഹ്മവാറിലേക്കു നീങ്ങിയെങ്കിലും ഗോവയുമായുള്ള ബന്ധം നിലനിർത്തി.
D) ഓർത്തഡോക്സ് സഭയിലേക്കു വന്ന നല്ല പങ്കു ജനവും കത്തോലിക്കാ സഭയിലേക്കു തിരികെപ്പോയി.

**26) പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ഓർമ്മദിനം ഒരു മാറാനായ പെരുന്നാൾ ദിനത്തിലാണ്. ഏതു മാറാനായ പെരുന്നാൾ?**
<u>**A) മായൽത്തോ**</u>
B) സുബോറോ
C) സുലോക്കോ
D) ദനഹാ

**27) ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി മിഷൻ പഠനങ്ങൾക്കായി രൂപീകരിച്ച കൂട്ടായ്മാസംഘം ഏത്?**
<u>**A) INAMS**</u>
B) YMCA
C) NCC
D) KCC

**28) 'ഞാൻ നട്ടു, അപ്പല്ലോസ് നനച്ചു, ദൈവമത്രെ വളരുമാറാക്കിയത്' ഈ 'ഞാൻ' ആരാണ്?**
<u>**A) ഇവിടെ പറഞ്ഞിരിക്കുന്ന ആരുമല്ല.**</u>
B) പത്രോസ് ശ്ലീഹ
C) തോമ്മാശ്ലീഹ
D) യോഹന്നാൻ ശ്ലീഹ

**29) മാധ്യമങ്ങളുടെ ദോഷമായി കാണാൻ സാധിക്കാത്തതു**

**തെരഞ്ഞെടുക്കുക.**
**A) ഓൺലൈൻ പരീക്ഷകൾ നടത്തുന്നു.**
B) പരസ്യങ്ങളിലൂടെ ഉപഭോഗസംസ്കാരം വളരുന്നു.
C) പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.
D) വിനോദങ്ങളുടെ പേരിൽ നിഷേധാത്മക സംസ്കാരം വളരുന്നു.

**30) 'നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊള്ളുക. ഈ വാക്യം ഏതു പുസ്തകത്തിൽ കാണുന്നു?**
**A) സഭാപ്രസംഗി**
B) സദൃശ്യവാക്യങ്ങൾ
C) സങ്കീർത്തനങ്ങൾ
D) ഇവിടെ പറഞ്ഞഇരിക്കുന്നത് ഒന്നും ശരി ഉത്തരമല്ല.

**31) ശലോമോൻ തെറ്റിപ്പോകാൻ ഇടയായ സാഹചര്യം എന്ത്?**
**A) പുറജാതി രാജ്യങ്ങളുമായുള്ള അമിതമായ ബന്ധപ്പെടൽ.**
B) അദ്ദേഹത്തിന്റെ പരസ്ത്രീഗമനത്തിലുള്ള താല്പര്യം.
C) സത്യദൈവത്തിലുള്ള ആശ്രയത്തിന്റെ കുറവ്.
D) ജ്ഞാനത്തിനൊത്ത പ്രവർത്തികൾ ഉണ്ടായില്ല.

**32) അന്തിയോക്കസ് എപ്പിഫാനസിന്റെ പീഡനകാലത്ത് യഹൂദർ പല രീതിയിലാണ് പ്രതികരിച്ചത്. അതിൽ താഴെ പറയുന്ന ഏതു വിഭാഗത്തിലായിരുന്നു മക്കാബികൾ ഉൾപ്പെട്ടിരുന്നത്?**
**A) ഒളിയുദ്ധങ്ങളിലൂടെ പ്രത്യാക്രമണം നടത്തിയവർ.**
B) രാജശിക്ഷ ഭയന്ന് ന്യായപ്രമാണത്തെ ഉപേക്ഷിച്ചവർ.
C) വനാന്തരങ്ങളിലേക്ക് ഉൾവലിഞ്ഞ് യഹൂദനിഷ്ഠകളിൽ തുടർന്നവർ.
D) തീഷ്ണതയുള്ള ഭക്തസമൂഹമായി നിലകൊണ്ടവർ.

**33) പൗലോസിന്റെ മിഷനറി യാത്രകളെപ്പറ്റി പൊതുവായി ശ്രദ്ധിക്കപ്പെടുന്ന കാര്യങ്ങളിൽ ഉൾപ്പെടാത്തതു തെരഞ്ഞെടുക്കുക.**
**A) ആദ്യം വിജാതീയരുടെ ഇടയിലും പിന്നെ യഹൂദരുടെ ഇടയിലും എന്ന രീതി അനുവർത്തിച്ചു.**
B) പട്ടണങ്ങൾ കേന്ദ്രീകരിച്ചാണ് പ്രവർത്തിച്ചത്.
C) പ്രസംഗത്തോടൊപ്പം രോഗികളെ സുഖപ്പെടുത്തുകയും ചെയ്തു.
D) ഒറ്റയായിട്ടല്ല സുവിശേഷപ്രവർത്തനത്തിനു പോയത്.

**34) പൗലോസ് ശ്ലീഹായുടെ രണ്ടാം മിഷനറി യാത്രയുടെ ആരംഭത്തിൽ ബർണബാസുമായി അഭിപ്രായഭിന്നത ഉണ്ടായോ? എങ്കിൽ എന്തുകൊണ്ട്?**
**A) മർക്കോസിനെ കൂട്ടത്തിൽ ചേർക്കുന്നതു സംബന്ധിച്ച അഭിപ്രായഭിന്നത ഉണ്ടായി**
B) ശീലാസിനെ കൂടെ ചേർക്കുന്ന കാര്യത്തിൽ അവർ തമ്മിൽ അഭിപ്രായഭിന്നത ഉണ്ടായി
C) തുടക്കത്തിൽതന്നെ സിറിയായിലേക്കു പോകുന്നതു സംബന്ധിച്ച് അഭിപ്രായഭിന്നത ഉണ്ടായി.
D) അവർ തമ്മിൽ യാതൊരു ഭിന്നതയും ഉണ്ടായില്ല.

**35) ഞായറാഴ്ച ആചരണവും കുർബാനയും ആരംഭിച്ചു എന്നത് ഏതു സ്ഥലത്തു നടന്ന സംഭവത്തിൽനിന്നാണ് മനസ്സിലാകുന്നത്?**
**A) ത്രോവോസിൽ**
B) മക്കദോന്യയിൽ
C) യരുശലേമിൽ
D) മിലിത്തോസിൽ

**36) മൂന്നു നോമ്പിലെയും അമ്പതു നോമ്പിലെയും യാമപ്രാർത്ഥനകളുടെ**

**പ്രത്യേകത എന്ത്?**

**A) ഇവിടെ പറഞ്ഞിരിക്കുന്ന രണ്ടു പ്രത്യേകതകളും ശരിയാണ്.**

B) ഇവിടെ പറഞ്ഞിരിക്കുന്ന രണ്ടു പ്രത്യേകതകളും ശരിയല്ല.

C) യാമപ്രാർത്ഥനകൾ രണ്ടു നേരത്തിനു പകരം മൂന്നു നേരമായി നടത്തുന്നു.

D) ഉച്ച നമസ്കാരത്തിനുശേഷം നാല്പതു കുമ്പിടീൽ ഉൾപ്പെടുത്തിയിരിക്കുന്നു.

**37) 'അത്ഭുതമാം ഫലമേകും വൃക്ഷം...' എന്നു തുടങ്ങുന്ന ഗീതത്തിൽ പുതിയനിയമത്തിൽനിന്നും സ്വീകരിച്ചിരിക്കുന്ന ദൃഷ്ടാന്തം ഏത്?**

**A) മീൻ**

B) വൃക്ഷം

C) പാറ

D) പുതിയനിയമത്തിൽനിന്നും ഒന്നും ഇല്ല.

**38) 'നീയെന്തിനു കരയുന്നാരേ ആരായുന്നു' എന്ന ചോദ്യത്തിനു മറിയ പറഞ്ഞ മറുപടി എന്തായിരുന്നു?**

**A) എന്റെ നാഥനെ അവർ എവിടെയോ കൊണ്ടുപോയി.**

B) ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണുന്നില്ല.

C) സുഗന്ധദ്രവ്യങ്ങൾ പൂശുവാൻ കല്ലറയ്ക്കകത്തു കയറാൽ സഹായിക്കണം.

D) കല്ലറയുടെ വാതിൽ തുറന്നു തന്നു സഹായിക്കണം.

**39) 'കണ്ടിന്നേ ദിവസം തങ്ങളുടെ തലകളുയർത്തി നിൻ കൃപയെ സ്തുതി ചെയ്യുന്നു' ഈ ഗീതത്തിന്റെ തുടക്കം തെരഞ്ഞെടുക്കുക.**

**A) നിൻ വരവോർത്തു വസിച്ചു മരിച്ചവർ**

B) ദൈവമുയിർത്തു മരിച്ചവരിൽനിന്നെഴുന്നേറ്റേറ്റം

C) വീഞ്ഞിൻ ലഹരിയൊഴിഞ്ഞവനേപ്പോൾ കർത്താവീനാൾ

D) പാതാളം പുക്കിടയൻ വിഗ്രഹസേവ വിടുർത്തി.

**40) താഴെ പറയുന്ന സംഭവങ്ങൾ അവ നടന്ന ക്രമത്തിൽ ആക്കുക.**

**i. ഒന്നാം കുരിശുയുദ്ധം.**

**ii. കൂനൻ കുരിശുയുദ്ധം.**

**iii. സഭ പാശ്ചാത്യം പൗരസ്ത്യം എന്ന നിലയിൽ പിളരുന്നു..**

**iv. ഉദയംപേരൂർ സുന്നഹദോസ്**

**A) (iii), (i), (iv), (ii)**

B) (i), (ii), (iii), (iv)

C) (iv), (iii), (iv), (ii)

D) (ii), (iv), (iii), (i)

**41) ചുവടെ പറയുന്നവരിൽ അപ്പൊസ്തോലന്മാരുടെ ശിഷ്യനായിരുന്നത് ആര്?**

**A) ഇഗ്നാത്തിയോസ് നൂറോനോ**

B) അലക്സാന്ത്രിയായിലെ മാർ അത്താനാസ്യോസ്

C) റോമിലെ വി. യൂലിയോസ്

D) അലക്സന്ത്രിയായിലെ വി. ദിവന്നാസ്യോസ്

**42) മെസപ്പൊട്ടോമിയായിലെ കുദൈദ് ഗ്രാമത്തിൽ ജനിച്ച ഇദ്ദേഹം കിഴക്കിന്റെ മഫ്രിയാനായി ഉയർത്തപ്പെട്ടു. ആര്?**

**A) യൽദോ മാർ ബസേലിയോസ്**

B) മാർ അബഹായി

C) അന്ത്യോഖ്യയിലെ മാർ സേവേറിയോസ്

D) മാർ യാക്കോബ് ബുർദ്ദാനാ

**43) 'ഹോമോ ഊസിയോസ്' ഈ വാക്കിന്റെ അർത്ഥമെന്ത്?**

A) സാരാംശത്തിൽ സമത്വമുള്ളവൻ
B) ഇവൻ യോഗ്യൻ
C) പൂർണ മനുഷ്യൻ
D) മൂന്ന് ആളത്വങ്ങളിൽ ഒന്ന്

**44) വിശ്വാസപ്രമാണം വി. കുർബാനയിൽ ചൊല്ലുന്ന രീതി നടപ്പിലാക്കിയത് ആര്?**
A) പത്രോസ് പാത്രിയർക്കീസ്
B) പത്രോസ് മാർ ഒസ്താത്തിയോസ്
C) സെറൂഗിലെ മാർ യാക്കോബ്
D) യാക്കോബ് തൃതീയൻ പാത്രിയർക്കീസ്

**45) 'പാപമോചനത്തിനു മാമോദീസാ ഒരിക്കൽ മാത്രം'എന്ന വാചകം ഏതു അർത്ഥത്തിലാണ് നാം സ്വീകരിക്കുന്നത് ?**
A) എല്ലാ അപ്പൊസ്തോലിക സഭകളുടെയും മാമോദീസാ നാം സ്വീകരിക്കും
B) ഏതു സഭയിൽനിന്നും വന്നാലും നാം മാമോദീസാ കൂടാതെ സ്വീകരിക്കും.
C) ഏതു അപ്പൊസ്തോലിക സഭയാണെങ്കിലും മാമോദീസായോ മൂറോനോ കൂടാതെ നാം സ്വീകരിക്കും.
D) ഏതു സഭയായാലും കുമ്പസാരിച്ചു വി. കുർബാന അനുഭവിച്ചാൽ സഭയുടെ അംഗമാകാം

**46) സഭയുടെ സ്വഭാവത്തെക്കുറിച്ച് വിശ്വാസപ്രമാണത്തിൽ പറയുന്ന വിശേഷണം എന്ത്?**
A) ഇവിടെ പറയുന്നതെല്ലാം
B) കാതോലികം
C) അപ്പൊസ്തോലികം
D) വിശുദ്ധം

**47) അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ ബാല്യത്തിലെ പൂർണമായ പേര്?**
A) അന്റോണിയോ ഫ്രാൻസിസ് സേവ്യർ അൽവാറീസ്
B) അന്റോണിയോ ഫ്രാൻസിസ് സേവ്യർ
C) ഫ്രാൻസിസ് സേവ്യർ അൽവാറീസ്
D) അൽവാറീസ് ഫ്രാൻസിസ് സേവ്യർ

**48) പത്രോസ് മാർ ഒസ്താത്തിയോസിനു ശേഷം മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റ വ്യക്തി?**
A) തോമസ് മാർ തീമോത്തിയോസ്
B) കുറിയാക്കോസ് മാർ ക്ലീമീസ്
C) ഏബ്രഹാം മാർ എപ്പിപ്പാനിയോസ്
D) ഇവിടെ പറഞ്ഞിരിക്കുന്ന ആരുമല്ല.

**49) മിഷൻ സൺഡേ ആയി ആഘോഷിക്കുന്ന ദിവസം ഏത്?**
A) ജൂലൈ 3 കഴിഞ്ഞു വരുന്ന ഞായർ
B) ജൂലൈ 3
C) പെന്തിക്കൊസ്തിക്കു മുമ്പുള്ള ഞായർ
D) ജൂൺ 29

**50) 'അലസത ലേശം ബാധിച്ചാൽ' എന്തു സംഭവിക്കും.**
A) സ്വാത്മത്തെ നിഹനിക്കും
B) ജനം പരിഹാസത്തോടു വീക്ഷിക്കും
C) മൗനം മൃതിയാൽ പൂകും.
D) വേണ്ടാ കഷ്ടത വീണ് ചിന്തയും ഉണ്ടാകും.